# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ - ജീവനക്കാര്യം – ജയിൽ വകുപ്പിൽ താൽക്കാലികമായി പ്രതിമാസ കരാർ വേതന വ്യവസ്ഥയിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികകളിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1. 18.02.2021ലെ സ.ഉ.(കൈ) നം.54/2021/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ്.
2. 29.07.2021 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ. E4-3811/2020/PrHQ; തീയതി : 11-08-2021**

ജയിലിലെ തടവുകാരുടെ മാനസിക പിരിമുറുക്കം, ഡിപ്രഷൻ മറ്റു തരത്തിലുള്ള മാനസിക പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിന് ജയിൽ വകുപ്പിൽ താൽക്കാലികമായി പ്രതിമാസ കരാർ വേതന വ്യവസ്ഥയിൽ 3 സെൻട്രൽ ജയിലുകളിൽ (തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ) ഓരോ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ തസ്തിക സൃഷ്ടിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിക്കുകയും, ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി ഇന്റർവ്യൂ നടത്തുകയും ഇന്റർവ്യൂവിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് പരാമർശം (2)ലെ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട 1 മുതൽ 3 വരെയുള്ള ഉദ്യോഗാർത്ഥികൾക്ക് പരാമർശം (1)ലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് 30000/- രൂപാ (മുപ്പതിനായിരം രൂപ മാത്രം) സഞ്ചിതവേതനമായി നിശ്ചയിച്ച് ചുവടെ ചേർക്കുന്ന ജയിൽ സ്ഥാപനങ്ങളിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര്, അഡ്രസ്സ് | സ്ഥാപനം |
|---|---|---|
| 1. | Ms. ഹൻസി ഹംസ,<br>ഫാത്തിമാസ് ഹൗസ്,<br>മേല്ലൂന്നി, മട്ടന്നൂർ,<br>കണ്ണൂർ.<br>Ph. No.9686188660 | സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, കണ്ണൂർ |
| 2 | Ms. അന്ന വി.വി.<br>ശാസ്തന പുത്തൻവീട്,<br>SV പുരം, വർക്കല, തിരുവനന്തപുരം.<br>Ph. No.8878266313 | സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം |
| 3 | Mr. ഹേമിൽ നാഥ് ഇ.ജി.,<br>വട്ടുതല ഹൗസ്,<br>ചൂണ്ടൽ പി.ഒ., തൃശ്ശൂർ.<br>Ph. No.8089515008 | സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, വിയ്യൂർ |

മേൽ പറഞ്ഞ ഉദ്യോഗാർത്ഥികൾ 25/08/2021 തീയതി രാവിലെ 10.00 മണിക്ക് ചുവടെ ചേർക്കുന്ന രേഖകളുമായി ജയിലാസ്ഥാനകാര്യാലയം ഡിഐജി മുമ്പാകെ ഹാജരാകേണ്ടതും, ജയിൽ സ്ഥാപനമായ തിരുവനന്തപുരം സിക്ക എക്സ്റ്റൻഷൻ സെന്ററിൽ വച്ച് നടത്തുന്ന 3 ദിവസത്തെ (25/08/2021, 26/08/2021, 27/08/2021) ട്രെയിനിംഗിൽ പങ്കെടുക്കേണ്ടതുമാണ്.

1. വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, മേൽവിലാസം എന്നിവയുടെ ഒറിജിനൽ.
2. അടുത്തിടെ എടുത്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫ്.
3. 30.06.2016 തീയതിയിലെ ജി.ഒ. (പി) നം.20/2011/P&ARD എന്ന സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം, സർക്കാർ സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഫോട്ടോയും, വിരലടയാളവും പതിച്ച മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്.
4. ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ കോൺഡക്ട് സർട്ടിഫിക്കറ്റ്.
5. അതാത് പ്രദേശങ്ങളിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പോലീസ് വേരിഫിക്കേഷൻ സർട്ടിഫിക്കറ്റ്.

ഡോ ഷെയ്ക്ക് ദർവേഷ് സാഹിബ് ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ് : 1. Ms. ഹൻസി ഹംസ,
ഫാത്തിമാസ് ഹൗസ്,
മേലൂന്നി, മട്ടന്നൂർ, കണ്ണൂർ.
2. Ms. അന്ന വി.വി.
ശാന്തന പുത്തൻവീട്,
SV പുരം, വർക്കല, തിരുവനന്തപുരം.
3. Mr. ഹേമിൽ നാഥ് ഇ.ജി.,
വട്ടുതല ഹൗസ്,
ചൂണ്ടാൽ പി.ഒ., തൃശ്ശൂർ.

പകർപ്പ് : സൂപ്രണ്ട്,
സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം,
തിരുവനന്തപുരം/വിയ്യൂർ/കണ്ണൂർ.

DIG (HQ)/CWO/Sr.AO/OC

E4-3811/2020/PrHQ

2c2761